LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ ആദ്യഘട്ടമായി അനുവദിച്ച 20 കോടി രൂപയ്ക്കുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രാരംഭ സർവ്വേകൾ പൂർത്തിയാക്കി ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനുള്ള സ്ഥലത്തിന്റെ മണ്ണ് പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. 29-5-2015-ന് കൂടിയ ജില്ലാ വികസന സമിതി യോഗത്തിൽവച്ച് സ്ഥലം കൈമാറ്റം സംബന്ധിച്ച് നടന്ന ചർച്ചയിൽ നക്ഷത്ര ബംഗ്ലാവിലേയ്ക്കുള്ള പുതിയവഴിയും വാട്ടർ അതോറിറ്റി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഘടകങ്ങളുടെ രൂപരേഖയും ഉൾക്കൊള്ളിച്ച് സ്കെച്ച് തയ്യാറാക്കി നൽകുവാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതുപ്രകാരം മംഗലം ഡാം വാച്ച് ടവർ ഒഴിവാക്കി 250 സെന്റ് സ്ഥലത്തിന്റെ സ്കെച്ച് തയ്യാറാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ചുവരികയാണ്. എത്രയും പെട്ടെന്ന് ആവശ്യമായ സ്ഥലം വാട്ടർ അതോറിറ്റിക്ക് വിട്ടുകൊടുക്കുന്നതാണ്. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ലഭിച്ചശേഷം ഭരണാനുമതി നൽകുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

10. മാമം നാളികേര കോംപ്ലക്സ്

<u>ശ്രീ. ബി. സത്യൻ</u> : സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ നിരവധി പ്രാവശ്യംപെടുത്തുകയും സർവ്വകക്ഷിയിൽപ്പെട്ടവരുൾപ്പെടെ അദ്ദേഹത്തെ കണ്ട് സംസാരിക്കുകയും ചെയ്ത വിഷയമാണിത്. നീണ്ടകാലം ആറ്റിങ്ങൽ കേന്ദ്രീകരിച്ചുള്ള എല്ലാ ട്രേഡ് യൂണിയനുകളും രാഷ്ട്രീയ പാർട്ടികളും നടത്തിയ പ്രക്ഷോഭ സമരം അങ്ങയുടെ സാന്നിദ്ധ്യത്തിൽ ചർച്ചചെയ്ത് പരിഹാരമുണ്ടാക്കുകയും ആറ്റിങ്ങലിൽ ദേശീയ പാതയുടെ അടുത്തുള്ള നാളികേര വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള മാമം നാളികേര കോംപ്ലക്സ് അടിയന്തരമായി തുറന്ന് പ്രവർത്തിപ്പിക്കാൻ വേണ്ടി വിവിധ പദ്ധതികൾ ആരംഭിക്കുകയും ചെയ്തതാണ്. അതനുസരിച്ച് സംസ്ഥാന ഗവൺമെന്റ് ഒരു പദ്ധതി തയ്യാറാക്കുകയും കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ ആർ. കെ. വി. വൈ. പ്രകാരം ഈ സ്ഥാപനം തുറന്ന് പ്രവർത്തിക്കാൻ വേണ്ട നീക്കം ആരംഭിക്കുകയും ചെയ്തു. കൊപ്ര സംഭരണം, വെളിച്ചെണ്ണ ഉൽപ്പാദനം, വെളിച്ചെണ്ണ മിൽ സ്ഥാപിക്കുക, ചിരട്ടപ്പൊടി നിർമ്മാണ യൂണിറ്റ്, തേങ്ങാവെള്ളം സംസ്കരിക്കുന്നതിനുള്ള യൂണിറ്റ് സ്ഥാപിക്കുക തുടങ്ങി നാളികേര കൃഷിക്കാരുമായി ബന്ധപ്പെട്ടുള്ള നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന കേന്ദ്രമാക്കി വികസിപ്പിച്ചെടുക്കാൻ, അതോടൊപ്പം ദേശീയ പാതയോരത്ത് കിടക്കുന്ന ഈ പ്രധാനകേന്ദ്രത്തിൽ കൃഷി വകുപ്പിനേയും

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധ വകുപ്പുകളേയും കേന്ദ്രീകരിച്ച് ഒരു സമുച്ചയം നിർമ്മിക്കാൻ ഏറ്റവും അധികം സാധ്യതയുള്ളതാണ് ഈ നാളികേര കോംപ്ലക്സ്. അങ്ങ് വളരെയേറെ താൽപ്പര്യമെടുത്തു എങ്കിൽപ്പോലും രണ്ട് കോടി രൂപ ആർ. കെ. വി. വൈ. പ്രകാരം അനുവദിക്കപ്പെടുകയും ഏതാണ്ട് 114 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചു കഴിഞ്ഞെങ്കിലും ഇതുവരെ ഈ കോംപ്ലക്സ് ഉറന്ന് പ്രവർത്തിപ്പിക്കുവാൻ സാധിച്ചിട്ടില്ല എന്ന ദുഃസ്ഥിതി വളരെ വിനയപൂർവ്വം അങ്ങയുടെ ശ്രദ്ധയിൽ പ്പെടുത്തുകയാണ്. ഇപ്പോഴും ആ സ്ഥാപനം കാടുകയറി കിടക്കുകയാണ്. അതിനാവശ്യമായ ഒരുപാട് ഉപകരണങ്ങൾ വാങ്ങി എന്ന് പല സന്ദർഭങ്ങളിലും ബഹുമാന്യരായിട്ടുള്ള ജനപ്രതിനിധികളുടെ ചോദ്യങ്ങൾക്ക് അങ്ങ് മറുപടി നൽകിയിട്ടുള്ളതാണ്, അത് ഞാൻ ഇവിടെ പറയുന്നില്ല. നാളികേര വികസന കോർപ്പറേഷന്റെകീഴിലുള്ള ഒരു സംരംഭമാക്കി ഇതിനെ നിലനിർത്തുമ്പോൾ ഇതിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞൻമാർ, സാങ്കേതിക വിദഗ്ധർ ഇവർക്കാർക്കും പ്രത്യേകിച്ച് എന്തെങ്കിലും ചുമതല നൽകി ഈ സ്ഥാപനം തുടർന്ന് പ്രവർത്തിക്കാൻ പോകുന്നു എന്ന അവസ്ഥ ഇതുവരെ ഉണ്ടായിട്ടില്ല. ഇത് നാളികേര വികസന കോർപ്പറേഷന്റെ ഒരു യൂണിറ്റ് എന്ന നിലയിൽ മറ്റ് പല ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥൻമാർവന്ന് മടങ്ങി പോകുന്നതിനപ്പുറം ഈ സ്ഥാപനത്തെ വൈവിദ്ധ്യവൽക്കരിച്ച് ഉറന്ന് പ്രവർത്തിക്കാൻ പറ്റുന്നനിലയിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്താൻ കഴിവുള്ള ആളുകളെ ഏൽപ്പിച്ച് ഇത് ഉറന്ന് പ്രവർത്തിപ്പിക്കും എന്ന പ്രതീക്ഷ ഇപ്പോഴും ഇല്ല. 114 ലക്ഷം രൂപ ചിലവഴിച്ചു എന്നുപറയുന്ന സാഹചര്യത്തിൽപ്പോലും ഇത് ഉറന്നുപ്രവർത്തിപ്പിക്കാൻ കഴിയില്ലെങ്കിൽ എങ്ങനെയാണ് ? ഗവൺമെന്റ് ഈ കാര്യത്തിൽ ഒരു തുകയും നീക്കിവച്ചിട്ടില്ല എന്ന മറുപടിയും ലഭിച്ചിട്ടുണ്ട്. മാതൃഭൂമി ദിനപത്രം കഴിഞ്ഞ ഒരാഴ്ചയായി ഈ സ്ഥാപനത്തെ ബന്ധപ്പെടുത്തി ഉള്ള വിഷയങ്ങൾ സീരിയലൈസ് ചെയ്തു. ഇത് എന്ന് ഉറന്ന് പ്രവർത്തിപ്പിക്കാൻ കഴിയും എന്ന് അങ്ങ് വ്യക്തമാക്കണം. യാതൊരു ജനപങ്കാളിത്തവുമില്ലാതെ, എം.എൽ.എ. എന്ന നിലയിൽ ഞാൻ ഒരു കാര്യവും ഇത് സംബന്ധിച്ച് അറിയുന്നില്ല ; ഒരു ബന്ധപ്പെടലും ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്തുന്നില്ല. അവിടെ എന്തോ പ്രവർത്തനങ്ങൾ നടക്കുന്നു എന്ന് പറയുന്നു, അങ്ങ് വന്ന് ജനപ്രതിനിധികളേയും രാഷ്ട്രീയ പാർട്ടികളേയും യോജിപ്പിച്ച് ഇതുഉറന്ന് പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ ?